"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതിവകുപ്പ് - ജീവനക്കാര്യം - സാമൂഹ്യനീതിവകുപ്പിനുകീഴിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ആശാഭവനിൽ (സ്ത്രീകൾ) കുക്ക് തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. കെ. പി. സുനിത ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒറിജിനൽ ആപ്ലിക്കേഷൻ 2154/2017 നമ്പർ കേസിന്മേലുള്ള 03.12.2021-ലെ വിധിനടപ്പിലാക്കി ഉത്തരവുപുറപ്പെടുവിക്കുന്നു.

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(കൈ) നം.7/2024/SJD തീയതി,തിരുവനന്തപുരം, 26-07-2024

പരാമർശം:-

1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 27.02.2017-ലെ ഇ.10/38906/16 നമ്പർ പരിപത്രം
2. സാമൂഹ്യനീതിവകുപ്പിനുകീഴിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ആശാഭവനിൽ (സ്ത്രീകൾ) എന്ന സ്ഥപനത്തിന്റെ സൂപ്രണ്ടിന്റെ 10.03.2017, 20.05.2017 എന്നീ തിയതികളിലെ എ.ബി.റ്റി.23/17 നമ്പർ കത്തുകൾ.
3. തിരുവനന്തപുരം ജില്ലാഎംപ്ലോയ്മെന്റ് ഓഫീസറുടെ 20.04.2017-ലെ സി.2/ഡബ്ലിയു.2/17 നമ്പർ കത്ത്.
4. ആശാഭവനിൽ (സ്ത്രീകൾ) സൂപ്രണ്ടിന്റെ 30.05.2017-ലെ എ.ബി.റ്റി.23/17 നമ്പർ നടപടിക്രമം.
5. ശ്രീമതി. കെ. പി. സുനിത 02.06.2017-ൽ പ്രസ്തുത ജോലിയിൽ പ്രവേശിക്കുന്നതിനായി സമർപ്പിച്ച സബ്മിഷനും, 15.09.2017, 15.12.2022, 04.01.2023 എന്നീ തിയതികളിലെ വിവിധ അപേക്ഷകളും.
6. അഡ്വക്കേറ്റ് ജനറലിന്റെ 20.12.2021-ലെ ബി.4-ഒ.എ 2154/2017/എ.ജി.ഒ നമ്പർ കത്തും, 22.03.2024-ലെ ബി.(റ്റി.വി.എം)4-ഒ.എ 2154/2017/2024035679 നമ്പർ കത്തും, 06.05.2024-ലെ ബി.(റ്റി.വി.എം)4-ഒ.എ 2154/2017/2024054445 നമ്പർ കത്തും

7. സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 06.04.2022, 23.09.2023 എന്നീ തിയതികളിലെ എസ്.ജെ.ഡി/102074/2019/ഇ.1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള ആശാഭവനിൽ (സ്ത്രീകൾ) കുക്ക് തസ്തികയിൽ ഒഴിവ് നിലവിൽവന്നപ്പോൾ സ്ഥാപനസൂപ്രണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന 179 ദിവസത്തെ താൽക്കാലികനിയമനം നടത്തുന്നതിനായി തിരുവനന്തപുരം ജില്ലാഎംപ്ലോയ്മെന്റ് ഓഫീസർവഴി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പരാമർശം 3 പ്രകാരം ലഭ്യമാക്കുകയും, തിരുവനന്തപുരം ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ഇന്റർവ്യൂ നടത്തി ശ്രീമതി സുനിത. കെ.പി യെ തിരുവനന്തപുരം ഗവൺമെന്റ് ആശാഭവൻ (സ്ത്രീകൾ) പരാമർശം 4 പ്രകാരം 179 ദിവസത്തേക്ക് KS&SSR 9(a)(1) പ്രകാരം താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ ശ്രീമതി സുനിത കെ.പി.യുടെ നിയമനം 179 ദിവസം പൂർത്തീകരിക്കുന്നമുറയ്ക്കോ പുതിയ ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നമുറയ്ക്കോ അവസാനിപ്പിക്കണമെന്ന് രേഖപ്പെടുത്തിയിരുന്നു. 02.06.2017-ൽ പ്രസ്തുത തസ്തികയിൽ ടിയാൾ ജോലിയിൽ പ്രവേശിച്ചു. മേൽപറഞ്ഞ നിയമനം സ്ഥിര നിയമനമായി അംഗീകരിക്കണം എന്ന് അഭ്യർത്ഥിച്ച് ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒറിജിനൽ ആപ്ലിക്കേഷൻ **2154/207** നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിലെ **10.1.2017**-ലെ ഇടക്കാല ഉത്തരവ് പ്രകാരം ടിയാളെ രണ്ട് മാസത്തേക്കുകൂടി കുക്ക് തസ്തികയിൽ നിലനിർത്തുവാൻ ബഹു. ട്രൈബ്യൂണൽ ഉത്തരവായിരുന്നു. തുടർന്ന് പ്രസ്തുത ഇടക്കാല ഉത്തരവ് **09.11.2021**വരെ ദീർഘിപ്പിച്ച് നൽകുകയും, ബഹു. ട്രൈബ്യൂണൽ 03.12.2021-ലെ ചുവടെപ്പറയും പ്രകാരം അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി.

“It is declared that the appointment of the applicant as per Annexure A1 (പരാമർശം 4) which appears to have been ratified by the second respondent is a regular appointment. Therefore, the condition imposed in Annexure A1 that it is only for a period of 179 days cannot be sustained. It is declared that the appointment of the applicant as Cook in Asha Bhavan (Women), Poojappura can be treated as a regular appointment in terms of Annexure R1(a) circular. The Original Application is disposed as above.”

2. ഈ വിഷയത്തിൽ സാമൂഹ്യനീതിവകുപ്പ ഡയറക്ടർ ചുവടെ പ്പറയും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

"സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ആശാഭവൻ (സ്ത്രീകൾ) എന്ന സ്ഥാപനത്തിൽ കുക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരന് സ്ഥലംമാറ്റം നൽകിയതിനെ തുടർന്ന് നിലവിൽ വന്ന ഒഴിവിൽ ദിവസവേതനത്തിൽ ജോലിക്കാരെ നിയമിച്ച് വരുകയായിരുന്നു. പരാമർശം 1-ലെ പരിപത്രം അടിസ്ഥാനമാക്കി ടി സ്ഥാപന സൂപ്രണ്ട് 10/03/2017-ൽ താൽക്കാലിക നിയമനം അനുവദിക്കുന്നതിനുള്ള ലിസ്റ്റ് എംപ്ലോയെന്റ്

ഓഫീസറോട് ആവശ്യപ്പെട്ടുയും തുടർന്ന് താൽക്കാലിക നിയമനം സംബന്ധിച്ച നടപടിക്രമങ്ങൾ പാലിച്ച് നിയമനം നടത്തിയിട്ടുള്ളതുമാണ്. നിയമനം ലഭ്യമായ ശ്രീമതി. സുനിത. കെ. പി 02/06/2017-ൽ കുക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയുണ്ടായി. ടി സ്ഥാപന സൂപ്രണ്ട് അന്ന് നിലവിലുണ്ടായിരുന്ന വ്യവസ്ഥ അനുസരിച്ച് സ്പാർക്ക് സോഫ്റ്റ് വെയറിൽ PEN (Permanent Account Number) നമ്പർ. ക്രിയേറ്റ് ചെയ്ത് ശ്രീമതി. സുനിത. കെ. പി-യ്ക്ക് ശമ്പളം മാറി നൽകുകയായിരുന്നു. ശ്രീമതി. സുനിത. കെ. പി ഇതിനിടയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് സ്റ്റേ ഓർഡർ വാങ്ങുകയും ചെയ്തു. 30.09.2019-ലെ 82/2019/ധന നമ്പർ. സർക്കുലർ പ്രകാരമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക നിയമനം നൽകുന്നവർക്ക് TEN (Temporary Account Number) നമ്പർ. ക്രിയേറ്റ് ചെയ്യേണ്ടതാണെന്ന വ്യവസ്ഥ നിലവിൽ വന്നത്. TEN ലഭിക്കുന്നതിന് ജീവനക്കാരുടെ സേവനകാലയളവ് നിർബന്ധമായതിനാലും ശ്രീമതി സുനിത ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിൻറെ അടിസ്ഥാനത്തിൽ ജോലിയിൽ തുടർന്നു വരുന്ന ജീവനക്കാരിയായതിനാലും TEN ലേയ്ക്ക് പേർ മാറ്റി രജിസ്റ്റർ ചെയ്യാൻ സാധിച്ചിരുന്നില്ല. പ്രസ്തുത സാഹചര്യത്തിലാണ് ടിയാൾ PEN-ൽ തുടർന്നു വന്നിരുന്നത്. ടിയാൾക്ക് അടിസ്ഥാന ശമ്പളം മാത്രമാണ് നൽകി വന്നിരുന്നതെന്നും ഇൻക്രിമെൻറ് ഒന്നും നൽകിയിട്ടില്ല. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സ്റ്റേ ഉത്തരവ് പാലിയ്ക്കേണ്ടതായ സാഹചര്യത്തിൽ ശ്രീമതി. സുനിത. കെ. പി-യ്ക്ക് PEN മുഖേന ശമ്പളം അനുവദിച്ച് വരുകയുമായിരുന്നു. സാമൂഹ്യനീതി വകുപ്പിൽ 26.02.2017 വരെ കുക്ക് തസ്തികയിലെ ഒഴിവുകൾ ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂൾസിലെ ചട്ടം 5-ലെ 4(b)(i)-ൽ വ്യവസ്ഥ ചെയ്ത നിയമനരീതി അനുസരിച്ച് റവന്യൂ ഡിപ്പാർട്ട്മെന്റ് തലവനായ ജില്ലാകളക്ടർക്ക്, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന ഒഴിവുവിവരം അറിയിക്കുകയും, ജില്ല കളക്ടർമാർ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ടി തസ്തികയിൽ നിയമനം അനുവദിക്കുകയുമാണ് ചെയ്തിരുന്നത്. പല ജില്ലകളിലും പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലാതിരുന്ന സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിൽ സ്ഥാപനങ്ങളിൽ ഉണ്ടായിരുന്ന എല്ലാ കുക്ക് ഒഴിവുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും സ്ഥിരനിയമനത്തിനായുള്ള ലിസ്റ്റ് ലഭ്യമാക്കി സ്ഥിര നിയമനം നൽകുന്നതിനായി പരാമർശം 1 പ്രകാരമുള്ള പരിപത്രം പുറപ്പെടുവിയ്ക്കുകയുണ്ടായി. എന്നാൽ പ്രസ്തുത പരിപത്രത്തിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് സ്ഥാപന സൂപ്രണ്ട് ശ്രീമതി സുനിതയെ നിയമിച്ചത്.ടി നടപടി പിന്നീറ്റ് സാധൂകരിക്കുകയുണ്ടായി.

ശ്രീമതി. സുനിത. കെ. പി 02.06.2017 തീയതിയിലാണ് കുക്ക് തസ്തികയിൽ ആശാഭവൻ (സ്ത്രീകൾ)-ൽ എന്ന സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചത്. ബഹു ട്രിബ്യൂണൽ ഉത്തരവ് പ്രകാരം 02.06.2017 തീയതി പ്രാബല്യത്തിൽ ജീവനക്കാരിയ്ക്ക് കുക്ക് തസ്തികയിൽ സ്ഥിരം നിയമനം അനുവദിച്ച് നൽകാവുന്നതും, പ്രസ്തുത തീയതിയിൽ ജീവനക്കാരിയുടെ നിയമനം റെഗുലറൈസ് ചെയ്യാവുന്നതുമാണ്. ശ്രീമതി. സുനിത. കെ. പി-യുടെ നിയമനം സ്ഥിരപ്പെടുത്തുന്നപക്ഷം അധിക സാമ്പത്തിക ബാധ്യത 2,72,792/- രൂപയാണ്. ശ്രീമതി. സുനിത. കെ. പി-യ്ക്ക് ടിയാരി ജോലിയിൽ പ്രവേശിച്ച 02.06.2017 തീയതി പ്രാബല്യത്തിൽ കുക്ക് തസ്തികയിൽ സ്ഥിര നിയമനം അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിയ്ക്കണമെന്ന് ശിപാർശ ചെയ്യുന്നു."

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലാ സ്വദേശിനിയായ ശ്രീമതി. സുനിത കെ. പി. 02.06.2017 തീയതി മുതൽ സംസ്ഥാന സാമൂഹ്യനീതി വകുപ്പിലെ കുക്ക് തസ്തികയുടെ ജോലി നിർവ്വഹിച്ചിട്ടുള്ളതിനാലും ടിയാൾക്ക് 02.06.2017 തീയതി മുതൽ റഗുലർ നിയമനത്തിന് അർഹതയുള്ളതിനാലും സമാനമായ കേസുകളിൽ ഒരു കീഴ്വഴക്കമാവുകയില്ലായെന്ന നിബന്ധനയോടെയും ശ്രീമതി സുനിത കെ പി. യുടെ നിയമനത്തിലും തുടർനടപടികളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച്ചയുണ്ടായിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കേണ്ടതാണെന്നും സ്ഥിരപ്പെടുത്തേണ്ട തസ്തികയിൽ ഒഴിവ് ഉറപ്പുവരുത്തേണ്ടതാണെന്നുമുള്ള വ്യവസ്ഥയോടെയും സാമൂഹ്യനീതി വകുപ്പിനുകീഴിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ആശാഭവനിലെ (സ്ത്രീകൾ) കുക്ക് തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തരം നിയമിക്കപ്പെട്ടതും, 18.10.2023-ൽ മരണമടഞ്ഞയാളുമായ ശ്രീമതി സുനിത കെ.പി.യുടെ നിയമനം 02.06.2017 തീയതി പ്രാബല്യത്തിൽ ക്രമപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാൾക്ക് അനുവദനീയമായ ശമ്പള കുടിശ്ശിക അനുവദിക്കാവുന്നതും ഈ കാര്യത്തിലുള്ള തുടർനടപടികൾ സാമൂഹ്യനീതിവകുപ്പ ഡയറക്ടർ സ്വീകരിക്കേണ്ടതുമാണ്

4. മേൽപ്പറഞ്ഞതിൻ പ്രകാരം ഒറിജിനൽ ആപ്ലിക്കേഷൻ 2154/2017 നമ്പർ കേസിന്മേലുമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 03.12.2021-ലെവിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
3.സൂപ്രണ്ട്, ഗൺമെന്റ് ആശാഭവൻ (സ്ത്രീകൾ), പൂജപ്പുര, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്, കേരളം, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ് ( 21.02.2024-ലെ ഡബ്ലിയു.ഡബ്ലിയു.-
ഡബ്ലിയു.ഡബ്ലിയു.2/50/2023/ധന നമ്പർ കുറിപ്പിൻ പ്രകാരം)
5. നിയമ (ഉപദേശ.ഡി) വകുപ്പ് ( 09.10.2023-ലെ ഒ.പ്പി.എൻ.ഡി.3/177/2023/നിയമം നമ്പർ കുറിപ്പിൻ പ്രകാരം)
6. നിയമ (സ്യൂട്ട്.3) വകുപ്പ് 10.02.2022-ലെ 1894/സ്യൂട്ട്.3(2)/2022/നിയമം നമ്പർ കുറിപ്പിൻ പ്രകാരം)
7. പൊതുഭരണ (എസ്.സി) വകുപ്പ് . ( ഇനം നം. 2304 മന്ത്രിസഭാതീരുമാനം പ്രകാരം)
8. ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ, വിവരപൊതുജനസമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9 . കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 26-07-2024 11:46:37

സെക്ഷൻ ഓഫീസർ